# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 505 — 06.02.2013 ൽ മറുപടിക്ക്

### ട്രാൻസ്പോർട്ട് കമ്മ്യൂണിക്കേഷൻ സെക്ടറിന്റെ ബഡ്ജറ്റ് വിഹിതം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ശശി | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | ട്രാൻസ്പോർട്ട് കമ്മ്യൂണിക്കേഷൻ സെക്ടറിനുവേണ്ടി 2011-12 ലെ സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുക എത്രയായിരുന്നു; അതിൽ എത്ര തുക ചെലവഴിച്ചു ; | (എ) | ട്രാൻസ്പോർട്ട് കമ്മ്യൂണിക്കേഷൻ സെക്ടറിനു വേണ്ടി 2011-12 ലെ സംസ്ഥാന ബജറ്റിൽ 3256.89 കോടി രൂപ വകയിരുത്തുകയും 3885.43 കോടി രൂപ 2011-12 - ൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി | ഇതിൽ വാട്ടർ ട്രാൻസ്പോർട്ടിന്വേണ്ടി മാത്രം എത്ര തുക നീക്കിവെച്ചിരുന്നു; അതിൽ എത്ര തുക ചെലവഴിച്ചു ; | (ബി) | വാട്ടർ ട്രാൻസ്പോർട്ടിന് മാത്രം 3056 (നോൺ പ്ളാൻ), ഇനത്തിൽ 4313.66 ലക്ഷം രൂപയും 5056 (പ്ളാൻ) ഇനത്തിൽ, 1150 ലക്ഷം രൂപയും, 5056 (നോൺ പ്ളാൻ) ഇനത്തിൽ 30.01 ലക്ഷം രൂപയും നീക്കി വച്ചിരിന്നു. ഇതിൽ യഥാക്രമം 3152.83 ലക്ഷം രൂപയും 932.07 ലക്ഷം രൂപയും 9.39 ലക്ഷം രൂപയും വീതം ചെലവഴിച്ചു. |

| | | | |
|---|---|---|---|
| (സി) | വാട്ടർ ട്രാൻസ്പോർട്ടിനുവേണ്ടി നീക്കിവെച്ച തുക പൂർണ്ണമായി ചെലവഴിക്കാനായി ല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ? | (സി) | സംസ്ഥാന ജലഗതാഗത വകുപ്പിൽ കണിശമായ ചെലവു ചുരുക്കൽ നടപടികൾ സ്വീകരിച്ചതുമൂലം നോൺ പ്ളാൻ ഇനത്തിലും പി.ഡബ്ളി.യു.ഡി. ഇറിഗേഷൻ, ഇൻലാന്റ് നാവിഗേഷൻ ഡിവിഷൻ, സിൽക്ക് എന്നീ സർക്കാർ ഏജൻസികളിൽ നിന്നും യഥാസമയം പ്ളാൻ, എസ്റ്റിമേറ്റ്, സ്റ്റേജ് ബില്ലുകൾ എന്നിവ ലഭിക്കാതിരുന്നതിനാൽ പ്ളാൻ ശീർഷകത്തിലും തുക പൂർണ്ണമായി ചെലവഴിക്കുവാൻ കഴിഞ്ഞില്ല. എന്നിരുന്നാലും പദ്ധതി തുകയുടെ 81.05 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ